**<u>15 -ാം കേരള നിയമസഭ</u>**

**<u>6 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1020</u>** **<u>29-08-2022 - ൽ മറുപടിയ്ക്ക്</u>**

**<u>കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കായലുകളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ കായലുകൾ ശുദ്ധജല സ്രോതസുകളായും കാർഷികവൃത്തിക്ക് സഹായകമായും മത്സ്യ വിഭവങ്ങളുടെ പ്രധാനപ്പെട്ട കേന്ദ്രമായും, ടൂറിസം സാധ്യതാ മേഖലയായും വർത്തിക്കുന്നു. ആയതിനാൽ കായലുകളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പ്രത്യേക പ്രാധാന്യം അർഹിക്കുന്നു. |
| (ബി) | കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ കായലുകളുടെ സംരക്ഷണ-പുനരുദ്ധാരണ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് നിർവ്വഹിക്കുക എന്ന ലക്ഷ്യത്തോടുകൂടി ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായി "സംസ്ഥാന തണ്ണീർത്തട അതോറിറ്റി - കേരള" (State Wetland Authority - Kerala) രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ തണ്ണീർത്തടങ്ങളുടെ സമഗ്ര സംരക്ഷണ പരിപാലന പ്രവർത്തനങ്ങൾക്കായുള്ള ഒരു നിയമാനുസൃതമായ അതോറിറ്റിയായി 25.05.2015 ൽ കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി നിലവിൽ വന്നു. 2010 ലെ തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടം സെക്ഷൻ 5 പ്രകാരമാണ് കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി രൂപീകൃതമായത്. കേരളത്തിലെ പ്രധാന തണ്ണീർത്തടങ്ങളുടെ ജൈവ വൈവിധ്യവും പരിസ്ഥിതിയും പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുക, തണ്ണീർത്തടങ്ങളെ ദോഷകരമായി ബാധിക്കുന്ന പ്രവൃത്തികൾ നിയന്ത്രിക്കുകയും തടയുകയും ചെയ്യുക, സമഗ വികസനത്തിനു വേണ്ടിയുള്ള പദ്ധതി/നയ - രൂപരേഖ തയ്യാറാക്കുക, തണ്ണീർത്തടവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടത്തുന്നതിനു വേണ്ട മേൽ നോട്ടം വഹിക്കുക, തണ്ണീർത്തടങ്ങളുടെ വികസനത്തിനായി ദേശീയ കാര്യാലയങ്ങളുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് പ്രവർത്തിക്കുക, തണ്ണീർത്തടങ്ങളുടെ ജലഗുണനിലവാരം ഉറപ്പാക്കുക, തണ്ണീർത്തട പരിസ്ഥിതി ശോഷണം തടയുക, പുതിയ തണ്ണീർത്തടങ്ങൾ നോട്ടിഫൈ ചെയ്യുന്നതിനായി സർക്കാരിനെ സഹായിക്കുക, തണ്ണീർത്തടങ്ങളുടെ അതിർത്തി, വൃഷ്ടി പ്രദേശം എന്നിവ സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുക, തണ്ണീർത്തട പരിപാലനവുമായി ബന്ധപ്പെട്ട സാങ്കേതിക വിഷയങ്ങൾ കൈകാര്യം ചെയ്യുക എന്നിവയാണ് സംസ്ഥാന, തണ്ണീർത്തട അതോറിറ്റിയുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) | പരിസ്ഥിതി പുനഃസ്ഥാപനത്തിന് വേണ്ടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ; | (സി) | 2021-22 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പരിസ്ഥിതി പുന:സ്ഥാപന ത്തിന് ജലസംഭരണികൾ ഡീസിൽറ്റ് ചെയ്യുന്നതിനും, നദികൾ, കായലുകൾ, തടാക ങ്ങൾ, കനാലുകൾ തുടങ്ങിയവയുടെ പരിപാലനത്തിനും സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ഇതിനായുള്ള ബഡ്ജറ്റ് ശീർഷകം 4250-00-800-90-PV ലഭ്യമാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പ്രവൃത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അനുമതി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>2022-23 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ റാംസാർ സൈറ്റുകളായ അഷ്ടമുടി, വേമ്പനാട് കായലുകളുടെ ശുചീകരണത്തിനായി 20 കോടി രൂപയും, ശാസ്താംകോട്ട കായലിന്റെ ശുചീകരണത്തിനും സംരക്ഷണത്തിനുമായി 1 കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, ടൂറിസം വകുപ്പിന്റെയും അപേക്ഷകൾ പരിഗണിച്ച് തടാകങ്ങളുടെ സംരക്ഷണ പ്രവൃത്തികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസേചനവകുപ്പ് മുഖേന നിർവ്വഹിച്ചു വരുന്നു.<br><br>കായലുകളുടെ പുന:സ്ഥാപനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ 100 Transformative Ideas പദ്ധതിയിൽ കേരളത്തിലെ 3 റാംസാർ തണ്ണീർത്തടങ്ങൾ കൂടാതെ വെള്ളായണി കായലും ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനായി ''വെറ്റ്ലാൻഡ് മിത്ര' വോളന്റിയേഴ്സിനെ അതാത് പ്രദേശങ്ങളിൽ രൂപീകരിച്ചിട്ടുണ്ട് . അവർക്കായി പരിശീലനവും സംഘടിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ റാംസർ തണ്ണീർത്തടങ്ങളുടെ എട്ട്സംരക്ഷണവും പരിപാലനവും ഉറപ്പ വരുത്തുന്നതിന് വേണ്ടി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ? | (ഡി) | തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടം-2017 ലെ വ്യവസ്ഥകൾ പാലിച്ച് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന് വേണ്ടി Wetland International South Asia (WISA), Center for Water Resources Development and Management (CWRDM) എന്നിവർ ചേർന്ന് 3 റാംസാർ തണ്ണീർത്തടങ്ങൾക്കുവേണ്ടിയും ഓരോ സമഗ്ര പരിപാലനകർമ പരിപ്രേഷ്യങ്ങൾ (MAP) തയാറാക്കിയിട്ടുണ്ട്. തണ്ണീർത്തടങ്ങളുടെ ജൈവ വൈവിധ്യ സംരക്ഷണവും അവ കേന്ദ്രീകരിച്ചുള്ള സുസ്ഥിര വിനോദ സഞ്ചാര പ്രവർത്തനങ്ങളും നൈപുണ്യ വികസനവും, സുസ്ഥിര തണ്ണീർത്തട കാർഷിക പ്രവർത്തനങ്ങളും, പാരിസ്ഥിതിക ഘടകങ്ങളിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ നിരീക്ഷിച്ച് തടാകത്തിന്റെ നീർമറി പ്രദേശങ്ങളിൽ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലും ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനുമാണ് ഈ കർമ പരിപ്രേഷ്യം തയാറാക്കിയിരിക്കുന്നത്.<br><br>• അംഗീകരിച്ച സമഗ്ര പരിപാലനകർമ പരിപ്രേഷ്യം പ്രകാരം ശാസ്താംകോട്ട കായലിൽ മത്സ്യ സമ്പത്ത് നിർണയം നടത്തിയിട്ടുണ്ട്.<br>• കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച മാനേജ്മെന്റ് ആക്ഷൻ പ്ലാനിൽ (MAP) വൃഷ്ടി പ്രദേശ സംരക്ഷണ പ്ലാൻ തയ്യാറാക്കുന്നതിനും നടപ്പാക്കുന്നതിനും, മണ്ണ് സംരക്ഷണ- മണ്ണ് പര്യവേഷണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>• അഷ്ടമുടി കായലിന്റെ അംഗീകരിച്ച കർമ്മ പരിപ്രേഷ്യത്തിന്റെ ഭാഗമായുള്ള ഒരു സംയോജിത വസ്തുതാ വിവരണം തയ്യാറാക്കുന്നതിനും തുടർച്ചയായുള്ള നിരീക്ഷണ വിലയിരുത്തൽ സംവിധാനത്തിനുമായി Wetland Inventory Assessment and Monitoring System (WIAMS) കോഴിക്കോട് ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിനെ (CWRDM) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ വിവരങ്ങൾ ക്രോഡീകരിച്ച് പൊതുജനങ്ങൾക്കുൾപ്പെടെ ആർക്കും എടുക്കാവുന്ന രീതിയിലുള്ള WIAMS വെബ് പോർട്ടലും വെറ്റ് ലാൻഡ് മിത്രകൾക്ക് വിവരങ്ങൾ അപ്പോഴപ്പോൾ നൽകുന്നതിനുള്ള മൊബൈൽ ആപ്പും KELTRON മുഖേന തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | • വേമ്പനാട് കായലിലെ കക്കവാരൽ തൊഴിലാളി സമൂഹത്തിനായി ഒരു ബദൽ ഉപജീവന മാർഗമായി മത്സ്യക്കൂട്കൃഷി Agency for Development of Aquaculture Kerala (ADAK) മുഖാന്തിരം നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ